(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി.28.02.2019

നം.കെ.എസ്.എ.ഐ.ഡി.കെ.8/93/2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
മറയൂർ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,
വിഷയം : മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്
- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ 3-1, 3-3, 3-4, 3-6, 3-8, 3-9 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഐ.ഡി.കെ-8/93/2019 തീയതി : 28.02.2019

## ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18

# സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)
*************************

ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 18.08.2017 മുതൽ 13.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 05 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 04 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. എം. വി. സിനി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.01.2019 മുതൽ 21.01.2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. വി. ജി. സജിമോൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. എം. എസ്. രാജീവ് | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഇ. വി. ജിബി | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ. കെ. സി. ബിനുമോൻ | ഓഡിറ്റർ |

| | |
|---|---|
| ശ്രീ. ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ജോമോൻ തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. പി. വിജയകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| അസി. സെക്രട്ടറി | ശ്രീ. പി.ജബ് രാജ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. എൻജിനിയർ | ശ്രീ.സനുക്കുട്ടൻ.ടി.എ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഗോവിന്ദ് രാജ് | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ദിവ്യാമോൾ തോമസ് | 01.04.2017 മുതൽ 05.11.2017 വരെ |
| | ഡോ.പ്രേം കൃഷ്ണൻ | 06.11.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സാം സാവിയോ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ഐ.എസ്എം) | ഡോ. അനീഷ് വി.ശർമ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ.സാബു സെൽവാനോസ് ശ്രീ. ബാബു കെ.വി. | 01.04.2017 മുതൽ 31.03.2018 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി. അനിപ്രിയ എസ്. | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | ശ്രീ. രാജ് എസ്.റ്റി. | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം



| ക്രമ നം | ഖണ്ഡിക നം | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| 13 | 2-1 | വസ്തുനികുതി കുടിശിക ഡിമാന്റ് പുനക്രമീകരിച്ചതിൽ അവ്യക്തത |
| 14 | 2-2 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 15 | 3-1 | മിനിട്സ് ബുക്ക് സൂക്ഷിപ്പിൽ ഗുരുതരമായ വീഴ്ച |
| 16 | 3-2 | പട്ടിക വർഗ കോളനികളിൽ വെള്ളം എത്തിക്കുന്നതിന് പ്ലാസ്റ്റിക് ഹോസു വാങ്ങൽ -അപാകതകൾ |
| 17 | 3-3 | ഉടമസ്ഥാവകാശം സ്ഥിരീകരിക്കാത്ത ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾ |
| 18 | 3-4 | അലമാരകൾ വാങ്ങൽ - വിതരണം ചെയ്തത് ടെൻഡർ പത്രികയിൽ പരാമർശിച്ചിരുന്നതിൽനിന്ന് വിഭിന്നമായ ഗേജിലുള്ള അലമാരകൾ |
| 19 | 3-5 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ-പദ്ധതി പൂർത്തീകരിച്ചില്ല |

| | | |
|---|---|---|
| | | |
| 20 | 3-6 | തെരുവുവിളക്കുകളുടെ പരിപാലനത്തിലെ അപാകതകൾ |
| 21 | 3-7 | ഗ്രാമപഞ്ചായത്ത് വക ആംബുലൻസ് ജീർണാവസ്ഥയിൽ |
| 22 | 3-8 | വാഹന വാടക-സർക്കാർ പരിധി അതിലംഘിച്ചു |
| 23 | 3-9 | പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗുരുതരമായ കാലവിളംബം |
| 24 | 3-10 | ജവഹർ ഭവനപദ്ധതി -പ്രാരംഭ ഗഡുക്കൾ കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും ഗൃഹ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 25 | 3-11 | തൊഴിലുറപ്പ് പദ്ധതി-കണക്കു സൂക്ഷിപ്പിൽ അപാകത |
| 26 | 4-1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 27 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 28 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 29 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 30 | 4-5 | സ്ഥിര നിക്ഷേപം |
| 31 | 4-6 | ഓഡിറ്റ് റിക്കവറി |
| 32 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 33 | 4-8 | ചാർജ് / സർച്ചാർജ് നടപടികളുടെ വിവരം |
| 34 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 35 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 36 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 37 | അനുബന്ധം 2 | ഓഡിറ്റ് ചെയ്ത പത്രികകൾ |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.03.2017 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ഇത് പ്രകാരം മുന്നിരിപ്പ് ₹5,25,400/-, വരവ് ₹17,01,52,500/- ചെലവ് ₹16,98,93,000/- നീക്കിയിരിപ്പ് ₹7,84,900/-യും ആണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 06.06.2018 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018 & 21.06.2018 | കെ.എസ്.എ.ഐ.ഡി.കെ. 3/677/2018(36) തീ. 29.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹93,35,321 |
| വരവ് | ₹9,34,59,984 |
| ആകെ | ₹10,27,95,305 |
| ചെലവ് | ₹9,36,38,716 |
| നീക്കിയിരിപ്പ് | ₹91,56,589 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി. ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18802501 | 18802501 | 18802501 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7659690 | 7659690 | 7377090 | 282600 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 8853402 | 8853402 | 8853402 | 0 |
| മെയിന്റനൻസ് – റോഡ് (ACR പ്രകാരം) | 0 | 7980683 | 7980683 | 7980683 | 0 |
| മെയിന്റനൻസ് – നോൺ-റോഡ് (ACR പ്രകാരം) | | 3351000 | 3351000 | 3194967 | 156033 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 14407029 | 14407029 | 8516329 | 5890700 |
| കെ.എൽ. എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 382037 | 382037 | 197219 | 184818 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 25152635 | 25152635 | 25152635 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 327291 | 896607 | 1223898 | 1221987 | 1911 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ്. | | 0 | 745364 | 745364 | 198193 | 547171 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ശുചിത്വം | | 0 | 400750 | 400750 | 365000 | 35750 |
| ജലനിധി | | 1733843 | 5764664 | 7498507 | 6270484 | 1228022 |
| പട്ടികവർഗ്ഗ വികസനം | | 0 | 14900000 | 14900000 | 0 | 14900000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 100000 | 100000 | 0 | 100000 |
| | ജില്ലാ പഞ്ചായത്ത് | 0 | | | | |
| ബി ഫണ്ട് | | 0 | 24057500 | 24057500 | 24057500 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 6011000 | 6011000 | 6011000 | 0 |
| തനത് | ബാങ്ക് | 4156262 | 10020366 | 14176629 | 10683785 | 3492844 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട് | അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | 615357 | 6115208 | 6730565 | 19921626 | -13191061 |
| മറ്റിനം - ജവഹർ ലോൺ അക്കൗണ്ട് | | 50000 | 2660000 | 2710000 | 2660000 | 50000 |
| ഡെപ്പോസിറ്റ്, മറ്റ് ബാധ്യതകൾ | | 1262432 | 529959 | 1792391 | 234012 | 1558379 |
| എസ്.ബി.റ്റി. പ്ലാൻ | | 1133620 | 148351 | 1281971 | 942375 | 339596 |
| ഗുണഭോക്തൃവിഹിതം | | 11970 | 139568 | 151538 | 139568 | 11970 |
| ക്യാഷ് | | 0 | 82007 | 82007 | 0 | 82007 |

കുറിപ്പ്:-

- തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ കൂലി ചെലവിൽ മുൻകൂർ നൽകിയതും തിരികെ ലഭിച്ചതുമായി ₹4,66,464/- ടി ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.
- മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - 19.07.2017ൽ അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയ ₹2,97,268/- സാംഖ്യയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.
- ട്രഷറി നീക്കിയിരിപ്പ് തുകയായ 1808939/-ൽ നിന്ന് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം (100000), പട്ടികവർഗ്ഗ വികസനം (14900000) എന്നിവ കിഴിവു ചെയ്താണ് നീക്കിയിരുപ്പ് ഉൾപ്പെടുത്തിയിരിക്കുന്നത്. (1808939-1500000 = 131911069)
- തനത് ഫണ്ട് ബാങ്ക് ആകെ നീക്കിയിരുപ്പിൽ നിന്ന് (₹5646114) ആയതിൽ ഉൾപ്പെട്ടിട്ടുള്ള ഐ.സി.ഡി.എസ് (₹547171) ശുചിത്വ തുക (₹35750), ഗുണഭോക്തൃവിഹിതം (₹11970), ഡെപ്പോസിറ്റ്, മറ്റ് ബാദ്ധ്യതകൾ (₹1558379) എന്നിവ കിഴിച്ചുള്ള തുകയാണ് നീക്കിയിരുപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. (5646114 - 2153270 = 3492844)

## 1-6 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ പദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| രൂപീകരണഘട്ടം | തീയതികൾ |
|---|---|
| വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ | 04.03.2017 |
| പദ്ധതി ആസൂത്രണഗ്രാമസഭകൾ | 05.04.2017-11.04.2017 |

| | |
|---|---|
| വികസനസെമിനാർ | 29.05.2017 |
| ഭരണ/സാമ്പത്തികാനുമതി നമ്പർ | ഭരണസമിതിയുടെ 31.07.2017-ലെ 1നമ്പർ തീരുമാനം (അന്തിമ പദ്ധതി) |
| ജില്ലാ ആസൂത്രണസമിതി അംഗീകാരം | 50/17/ഡി.പി.സി./ഡി.പി.ഒ./തീയതി. 23.02.2018 (ഭേദഗതിയുൾപ്പെടെയുള്ള അന്തിമ പദ്ധതി) |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | ഭരണസമിതിയുടെ 20.09.2017-ലെ I(1) നമ്പർ തീരുമാനം |

പ്ലാൻ കോ-ഓർഡിനേറ്റർ : ശ്രീ. പി. വിജയകുമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി

വാർഷികപദ്ധതി അടങ്കൽ – ചെലവ് സംക്ഷിപ്തം

| ഇനം | തുക ₹ |
|---|---|
| വാർഷികപദ്ധതി അടങ്കൽ | 91789917 |
| ആകെ ചെലവ് | 57688973 |
| ചെലവ് ശതമാനം | 62.84 |

പ്രോജക്ട് വിശദാംശങ്ങൾ

| ആസൂത്രണം ചെയ്തതും അംഗീകാരം ലഭിച്ചതുമായ പ്രോജക്ടുകളുടെ എണ്ണം | | | | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | | |
|---|---|---|---|---|---|---|
| വിഭാഗം | പുതിയവ | സ്പിൽ ഓവർ | ആകെ | പുതിയവ | സ്പിൽ ഓവർ | ആകെ |
| ആകെ | 115 | 59 | 174 | 93 | 48 | 141 |

പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം : 81

വാർഷിക പദ്ധതിക്കുവേണ്ടി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ സ്രോതസ്സ് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് സ്രോതസ്സ് | വകയിരുത്തിയ തുക ₹ | ചെലവഴിച്ച തുക ₹ |
|---|---|---|
| വികസനഫണ്ട് | 46966273 | 35032993 |
| ആസ്തി പരിപാലന ഗ്രാന്റ് - റോഡിതരം | 4749258 | 3194967 |
| ആസ്തി പരിപാലന ഗ്രാന്റ് - റോഡ് | 10039649 | 7683415 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10441191 | 8516329 |
| ലോകബാങ്ക് ധനസഹായം | 209620 | 197219 |
| കേന്ദ്രാവിഷ്കൃതപരിപാടി | 800000 | 198193 |
| തനത് ഫണ്ട് | 466641 | 66289 |
| ജില്ലാപഞ്ചായത്ത് വിഹിതം | 00 | 00 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 100000 | 00 |
| മറ്റിനങ്ങൾ | 18017285 | 2799568 |
| ആകെ | 91789917 | 57688973 |
| ആകെ ചെലവ് ശതമാനം | 62.84 | |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിശദാംശങ്ങൾ

| നിർവഹണ ഉദ്യോഗസ്ഥന്റെ പേര് | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ ₹ | ചെലവ് ₹ |
|---|---|---|---|---|
| കൃഷി ഓഫീസർ | 04 | 04 | 2333340 | 2059136 |
| വെറ്ററിനറി സർജൻ | 03 | 02 | 949440 | 613998 |
| മെഡിക്കൽ ഓഫീസർ(CHC) | 01 | 01 | 700000 | 700000 |
| മെഡിക്കൽ ഓഫീസർ (ISM) | 01 | 01 | 200000 | 200000 |
| വിഇഒ | 05 | 05 | 17050340 | 3395154 |
| ICDS സൂപ്പർവൈസർ | 06 | 05 | 4383880 | 3275296 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 43 | 39 | 22276177 | 19277940 |
| അസി. എൻജിനിയർ | 106 | 81 | 41816740 | 26867449 |
| അസി.സെക്രട്ടറി | 05 | 03 | 2080000 | 1300000 |
| ആകെ | 174 | 141 | 91789917 | 57688973 |

പദ്ധതി ആസൂത്രണ-നിർവഹണ പ്രക്രിയകളിൽ വിവിധ സമിതികളുടെ പങ്കാളിത്തം

1) <u>വർക്കിംഗ് ഗ്രൂപ്പുകൾ/മോണിറ്ററിംഗ് സമിതികൾ</u>

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ വിവിധ മേഖലകളിലേക്കാവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ സ്വരൂപിച്ചതായും അവ ചർച്ച ചെയ്ത് കരട് പദ്ധതിക്ക് രൂപം നൽകിയതായും മിനിട്സ് ബുക്കിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു. എന്നാൽ പദ്ധതി നിർവഹണവേളയിലെ അനിവാര്യ ഇടപെടലുകളും പുരോഗതി വിലയിരുത്തലുകളും നടത്തിയതായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

2) <u>ഗ്രാമസഭകൾ</u>

ഗ്രാമസഭകളിൽ ജനങ്ങളുടെ സജീവ പങ്കാളിത്തമുണ്ടായിരുന്നതായി മിനിട്സ്ബുക്കിലെ ഹാജർ വിവരങ്ങളിൽ നിന്ന് വ്യക്തമാണ്. പദ്ധതി ആസൂത്രണ,ഗുണഭോക്തൃ തെരഞ്ഞെടുപ്പുയോഗങ്ങളുടെ തീരുമാനങ്ങൾ വിശദമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 10 ഊരുകൂട്ടങ്ങളുള്ളതിൽ രണ്ടെണ്ണത്തിന്റെ മിനിട്സ് ബുക്കിൽ മാത്രമാണ് തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്.

3) <u>വികസന സെമിനാർ</u>

വികസന സെമിനാർ 29.05.2017-ൽ നടത്തിയതായ ഹാജർ വിവരമൊഴികെ യാതൊരു വിവരവും മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4) സ്റ്റാന്റിംഗ് കമ്മിറ്റികൾ

നാലു സ്റ്റാന്റിംഗ് കമ്മിറ്റികളും ഏതാനും പദ്ധതി നിർദ്ദേശങ്ങൾ ശുപാർശ ചെയ്തതൊഴികെ മാർഗരേഖയിൽ വിവക്ഷിക്കും പ്രകാരം കാര്യക്ഷമമായ ഇടപെടലുകളോ തീരുമാനങ്ങളോ കൈക്കൊണ്ടതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തലുകളില്ല.

5) ഭരണ സമിതി

വിവിധ തലങ്ങളിൽ നടത്തിയ വിശകലനങ്ങളിലൂടെയും ചർച്ചകളിലൂടെയും രൂപം നൽകിയ അന്തിമ പദ്ധതിയ്ക്ക് സമിതി ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകി. നിർവഹണത്തിലെ പുരോഗതി വിവിധ യോഗങ്ങളിൽ വിലയിരുത്തുകയും ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

6) പ്രൊക്യുർമെന്റ് കമ്മിറ്റി

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2010-ലെ ജി.ഒ(പി) 259/2010 നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം പ്രൊക്യർമെന്റ് കമ്മിറ്റി രൂപീകരിച്ച് വാങ്ങൽ പ്രക്രിയകളിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. എന്നാൽ ചില വാങ്ങലുകളിൽ വേണ്ടത്ര ജാഗ്രത പുലർത്താതിരുന്നതുമൂലം ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വാങ്ങേണ്ടി വന്നതിന്റെ ഉദാഹരണങ്ങൾ ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുണ്ട്.

ബി) വാർഷിക പദ്ധതി നിർവഹണം

ജനസംഖ്യയിലെ ബഹുഭൂരിപക്ഷവും തമിഴ് നാട്ടിൽനിന്ന് കുടിയേറിയ തൊഴിലാളികളും സാമൂഹ്യവും സാമ്പത്തികവുമായ ഏറെ പിന്നിൽ നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ ജനവിഭാഗങ്ങളുമാണെങ്കിലും അവരുടെ സർവതോന്മുഖമായ വികസനം സാധ്യമാക്കുന്ന സമഗ്രമായ ഒരു വികസനപരിപ്രേക്ഷ്യം തയ്യാറാക്കുവാൻ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലയളവിലും 13-ാം പദ്ധതിയുടെ ആദ്യവർഷവും ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടില്ലായെന്നത് വസ്തുതയാണ്. നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന പ്രോജക്ടുകൾ നടപ്പാക്കുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്. സേവന, പശ്ചാത്തലമേഖലകളിൽ നടപ്പാക്കിയ ഏതാനും പ്രോജക്ടുകളിലൂടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാൻ കഴിഞ്ഞുവെങ്കിലും പഞ്ചായത്തിന്റെ സമ്പത്ത് വ്യവസ്ഥയുടെ നട്ടെല്ലായ വിനോദസഞ്ചാര-കാർഷിക മേഖലകളുടെ സ്ഥായിയായ പുരോഗതിക്കുതകുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കാതിരുന്നത് പ്രോജക്ട് ആവിഷ്കരണത്തിലെ പരാജയമായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് വർഷങ്ങളിലെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പ്രസക്തമായ വിവരങ്ങൾ ചുവടെ

ക്രോഡീകരിക്കുന്നു.

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രമം നടത്തിയിട്ടുണ്ട്.
- ആകെ ആസൂത്രണം ചെയ്ത 174 പ്രോജക്ടുകളിൽ 141 എണ്ണം നടപ്പാക്കാൻ കഴിഞ്ഞു.
- മറയൂർ ഗ്രാമപഞ്ചായത്തിനെ ഭൌമസൂചികയിൽ അടയാളപ്പെടുത്തിയ ഉത്പന്നമാണ് മറയൂർശർക്കര. സ്വദേശത്തും വിദേശത്തും നാടിന് ഏറെ പേരും പെരുമയും നേടിക്കൊടുത്ത ശർക്കരയുടെ ഉത്പാദനത്തിനും മധ്യവർത്തികളെ ഒഴിവാക്കിയുള്ള വിപണനത്തിനും സഹായകരമായ ദീർഘവീക്ഷണത്തോടെയുള്ള പ്രോജക്ടുകളൊന്നും നടപ്പാക്കിയില്ല. കരിമ്പ് കൃഷിക്ക് കൂലിച്ചെലവ്, ശർക്കരയുടെ വിപണനത്തിന് ലേലച്ചന്തകൾ തുടങ്ങിയവ ആവിഷ്കരിക്കുന്നത് സാധാരണ കർഷകർക്ക് മെച്ചപ്പെട്ട പ്രോത്സാഹനമായി ഭവിക്കുന്നതാണ്.
- ഭവന നിർമാണ മേഖലയിൽ ഏറ്റെടുത്ത പ്രോജക്ടുകളിലൂടെ അനേകം ഗുണഭോക്താക്കൾക്ക് അവരുടെ മുടങ്ങിക്കിടന്ന ഭവനനിർമാണം പുനരാരംഭിക്കുവാനും ഭവനനവീകരണം നടത്തുവാനും അവസരമൊരുങ്ങി. എന്നാൽ ധനസഹായം കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ ഇപ്പോഴും അത് പൂർത്തീകരിച്ചിട്ടില്ലായെന്നത് മോണിട്ടറിംഗ് സമിതി പ്രത്യേകം വിലയിരുത്തേണ്ടതാണ്.
- ഗ്രാമപഞ്ചായത്തു പ്രദേശത്ത് അനുഭവപ്പെടുന്ന കൊടുംശൈത്യത്തിൽ നിന്ന് രക്ഷനേടാൻ വൃദ്ധരായ 1729 പേർക്ക് കമ്പിളി അനുവദിച്ച നടപടി പ്രശംസനീയമാണ്.
- പട്ടികജാതി/വർഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലാപ്ടോപ്പും പഠനോപകരണങ്ങളും നൽകിയതു വഴി അവരുടെ പഠനാഭിമുഖ്യം വർദ്ധിപ്പിക്കുവാൻ ശ്രമമുണ്ടായി.
- പശ്ചാത്തലമേഖലയിൽ 16റോഡുകളിലെ വിവിധ റീച്ചുകളുടെ കോൺക്രീറ്റിംഗ്, 17 എണ്ണത്തിന്റെ ടാറിംഗ്, 08 നടപ്പാതകളുടെ നിർമാണം, 14 കനാൽറീച്ചുകളുടെ നിർമാണം, 06 അംഗൻവാടികളുടെ നവീകരണം , 02 സ്കൂളുകൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, പഞ്ചായത്ത് ഓഫീസ് തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾ എന്നിവ നടത്തി.
- ജലനിധി പദ്ധതിയുടെ കാലാവധി കഴിഞ്ഞിട്ടും കുടിവെള്ളപദ്ധതികൾ ഇനിയും കമ്മീഷൻ ചെയ്യാൻ ശേഷിക്കുന്നത് പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 327291 | 896607 | 1223898 | 1221987 | 1911 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25152635 | 25152635 | 25152635 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1200 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 267500 | 24 |
| വിധവാപെൻഷൻ | 4789300 | 405 |
| വാർദ്ധക്യകാലപെൻഷൻ | 17854300 | 1423 |
| വികലാംഗപെൻഷൻ | 1145200 | 97 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2019ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹748/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഓഫീസ് ഓർഡർ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. സൂചിക സോഫ്റ്റ് വെയർ വഴി ഫയൽ നീക്കം നടക്കാത്തതിനാലും പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും സേവനങ്ങൾക്കായി പഞ്ചായത്തിൽ സ്വീകരിക്കുന്ന അപേക്ഷകളും തപാലുകളും യഥാസമയം തീർപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിൽ അപാകതകൾ ഉണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, തെരുവ് വിളക്കുകളുടെ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ തുടങ്ങിയവ യഥാവിധി പരിപാലിക്കുന്നില്ല. വിവിധ ക്ഷേമ പെൻഷനുകൾക്കായി ലഭിക്കുന്ന അപേക്ഷകളുടെ തീർപ്പ് നിരീക്ഷിക്കുന്നതിന് രജിസ്റ്റർ പരിപാലിക്കുകയോ അപേക്ഷകൾ യഥാസമയം തീർപ്പ് കല്പിക്കുകയോ ചെയ്യുന്നില്ല. പൊതുജനങ്ങൾക്ക് സമയബന്ധിതമായി മികച്ച സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2018 & 17.11.2018 | 10/2018 | 17.11.2018 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2016 മുതൽ 12.02.2016 വരെ | 2014-15 | 28.07.2016 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെ പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ : -

1) തൊഴിൽ നികുതി ട്രേഡേഴ്സ് - ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയും രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2) ജീവനക്കാരുടെ തൊഴിൽ നികുതി - ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല.

3) വിവിധ കുടിശികകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

4) ഡെപ്പോസിറ്റ്, അഡ്വാൻസ്, ലോൺ എന്നീ ഇനങ്ങളിലെ ധനകാര്യ പത്രികയിലെ തുകയും രജിസ്റ്ററുകളിലെ തുകയും പൊരുത്തപ്പെടുന്നില്ല.

5) ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6) തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ കൂലി ചെലവിൽ മുൻകൂർ നൽകിയതും തിരികെ ലഭിച്ചതുമായി ₹4,66,464/- ടി ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ചെലവ് തുകയിൽ ₹2,97,268/- സാംഖ്യയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി കുടിശിക ഡിമാന്റ് പുനക്രമീകരിച്ചതിൽ അവ്യക്തത

2017-18 ധനകാര്യപത്രികയുടെ I-18 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി കുടിശ്ശിക ഡിമാന്റിൽ നിന്നു ₹11,96,231/- കുറവ് ചെയ്തിട്ടുണ്ട്. സഞ്ചയ-സാംഖ്യ സോഫ്റ്റ് വെയറുകളിൽ തയ്യാറാക്കിയ ഡിമാന്റ് കണക്കുകളിലെ പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിന് നടത്തിയ ക്രമീകരണ രേഖപ്പെടുത്തലുകളാണിവയെന്നാണ്, ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.1) മറുപടിയിൽ പരാമർശിച്ചിരിക്കുന്നത്. എന്നാൽ നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വസ്തു നികുതി കുടിശ്ശിക ഡിമാന്റ് ക്രമീകരിച്ച സാഹചര്യം രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) താഴെ പരാമർശിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ

നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ആദം ഹോസ്പിറ്റൽ |
| 2 | ജലനിധി, മറയൂർ |

2) 2017-18 രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് |
| 2 | ദേവികുളം താലൂക്ക് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ & റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക്, മറയൂർ ശാഖ |
| 3 | എസ്.ബി.ഐ., മറയൂർ ശാഖ |
| 4 | മാക്സ് വാല്യൂ, മറയൂർ ശാഖ |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മിനിട്സ് ബുക്ക് സൂക്ഷിപ്പിൽ ഗുരുതരമായ വീഴ്ച

ഗ്രാമപഞ്ചായത്തിന്റെ ഭരണപരമായ എല്ലാ നടപടികളുടെയും പ്രാമാണിക രേഖയാണ് മിനിട്സ് ബുക്ക്. പ്രസ്തുത രജിസ്റ്ററിൽ കാലികവും സമഗ്രവുമായി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത് ഭരണസുതാര്യതയും തദ്വാരാ ആഭ്യന്തരനിയന്ത്രണസംവിധാനം ഫലപ്രദമാക്കുന്നതിനും അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക ഓഡിറ്റിനോടനുബന്ധിച്ച് പ്രസ്തുത കാലയളവിലെ ഭരണസമിതി മിനിട്സ് ബുക്കുകൾ പരിശോധനാവിധേയമാക്കി. തികച്ചും നിരുത്തരവാദപരമായാണ് മിനിട്സ് ബുക്കുകൾ കൈകാര്യം ചെയ്തിട്ടുള്ളതെന്ന് പരിശോധനാവേളയിൽ കാണുകയുണ്ടായി. ശ്രദ്ധയിൽപ്പെട്ട അപാകതകളുടെ വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. യോഗതീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

വിവിധ തീയതികളിലെ യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തിയിരുന്ന വിഷയങ്ങളുടെ തീരുമാനങ്ങൾ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | തീരുമാന നമ്പർ, | വിഷയം | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| 04.05.2017 | I, I(1) | വാർഷികപദ്ധതി | |
| | 07 | രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി | |

| | | | |
|---|---|---|---|
| | 08(1) | ലഭ്യമല്ല | അജണ്ട/നോട്ടീസ് ബുക്കിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല |
| 30.05.2017 | 04 | ടെൻഡർ/ക്വട്ടേഷൻ അംഗീകാരം | |
| 22.06.2017 | 3(4), 3(5) | വിവിധ ലേലങ്ങളുടെ അംഗീകാരം | |
| | 5 | ചെലവനുവാദം | |
| 06.07.2017 | 2(5) | യാത്രാബത്ത | |
| 26.07.2017 | 2(3) | ജീവനക്കാര്യം | |

2. <u>മിനിട്സ് ബുക്ക് ക്ലോസ് ചെയ്തിട്ടില്ല</u>

താഴെപ്പറയുന്ന തീയതികളിലെ മിനിട്സ് ക്ലോസ് ചെയ്ത് പ്രസിഡന്റ് ആധികാരികമാക്കിയിട്ടില്ല.

| ക്രമ നം | തീയതി |
|---|---|
| 1 | 04.04.2017 |
| 2 | 04.05.2017 |
| 3 | 27.05.2017 |
| 4 | 30.05.2017 |
| 5 | 17.06.2017 |
| 6 | 22.06.2017 |
| 7 | 06.07.2017 |
| 8 | 18.07.2017 |

ഭരണനടപടികളുടെ കാലികവും സമഗ്രവുമായ രേഖപ്പെടുത്തലുകൾ മിനിട്സ് ബുക്കിൽ വരുത്താതെ വീഴ്ച വരുത്തിയ നടപടി 1995ലെ കേരള പഞ്ചായത്ത് രാജ് (യോഗനടപടിക്രമം) ചട്ടങ്ങളിലെ 26(10) ചട്ടത്തിന്റെ ലംഘനമാണ്. മിനിട്സ് ബുക്കിന്റെ സമഗ്രതയും ആധികാരികതയും ഉറപ്പാക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 <u>പട്ടിക വർഗ കോളനികളിൽ വെള്ളം എത്തിക്കുന്നതിന് പ്ലാസ്റ്റിക് ഹോസു വാങ്ങൽ - അപാകതകൾ</u>

മറയൂർ ഗ്രാമപഞ്ചായത്തിലെ ഇരുട്ടള, ഈച്ചാംപെട്ടി, ചെമ്മൺകുഴി, പുറവയൽ, ഊച്ചാംപാറ എന്നീ പട്ടികവർഗ്ഗ കുടികളിൽ കുടിവെള്ളം എത്തിക്കുന്നതിന് പ്ലാസ്റ്റിക് ഹോസ് വാങ്ങുന്നതിനാവശ്യമായ തുക തനത് ഫണ്ടിൽ നിന്ന് താത്ക്കാലികമായി വിനിയോഗിക്കുവാനും തുടർന്ന് പ്രോജക്ട് രൂപീകരിച്ച് പദ്ധതി വിഹിതത്തിൽനിന്ന് തിരികെ ക്രമീകരിക്കുവാനും ഭരണസമിതി തീരുമാനമെടുത്തിരുന്നു (തീരുമാനം നം.4(3)/28.02.2017). തദനുസരണം ക്വട്ടേഷൻ ക്ഷണിച്ച് രണ്ടു സ്ഥാപനങ്ങളിൽനിന്ന് പൈപ്പുകൾ വാങ്ങി .

പ്രസ്തുത സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത വിലവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | പൈപ്പിന്റെ വില | നികുതി(5%) | ആകെ |
|---|---|---|---|---|
| 1 | MR സ്റ്റീൽ ഏജൻസീസ് , മറയൂർ | 19.05 | 1 | 20.0 |
| 2 | ആണ്ടവർ ട്രേഡിംഗ് കമ്പനി മൂന്നാർ,അടിമാലി | 18.6 | 0.93 | 19.53 |

<u>വാങ്ങിയ പൈപ്പുകളുടെ വിവരം</u>

| ക്രമ നം. | വാങ്ങിയ പൈപ്പുകളുടെ അളവ് (M) | നൽകിയ നിരക്ക് (നികുതി ഉൾപ്പടെ) | നൽകിയ തുക ₹ | ചെക്ക് നം./ തീയതി | വിതരണം ചെയ്ത സ്ഥാപനം |
|---|---|---|---|---|---|
| 1 | 132 | 75 | 9900 | | MR സ്റ്റീൽ ഏജൻസീസ് മറയൂർ |
| 2 | 497 | 20.0 | 9940 | 646387/ 16.06.2017 | MR സ്റ്റീൽ ഏജൻസീസ് മറയൂർ |
| 3 | 496 | 20.0 | 9921 | | MR സ്റ്റീൽ ഏജൻസീസ് മറയൂർ |
| 4 | 492 | 19.53 | 9608 | 646388/ 16.6.2017 | ആണ്ടവർ ട്രേഡിംഗ് കമ്പനി മൂന്നാർ, അടിമാലി |
| 5 | 496 | 20.05 | 9921 | 646387/ 16.6.2017 | MR സ്റ്റീൽ ഏജൻസീസ് |

| | | | | | |
|---|---|---|---|---|---|
| | | | | | മറയൂർ |
| | ആകെ | | 49291 | | |

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. പൈപ്പിന്റെ വില MR സ്റ്റീൽ ഏജൻസീസ്, മറയൂർ ക്വോട്ടു ചെയ്തത് ₹20/- നിരക്കിലാണെങ്കിലും രണ്ടാമത്തെ പട്ടികയിൽ ക്രമ നം.1 പ്രകാരമുള്ള വാങ്ങൽ നടത്തിയത് ₹75/- നിരക്കിലാണ്. തന്മൂലം ഒരു മീറ്ററിന് ₹55/- നിരക്കിൽ (75-20) അധികം നൽകിയിട്ടുണ്ട്. അതു വഴി ആകെ ₹7,260/- അധികം ചെലവഴിക്കേണ്ടി വന്നു.

2. വാങ്ങിയ പൈപ്പുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 112, 113) അത് സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

3. മുൻകൂർ ചെലവഴിച്ച തനതു ഫണ്ട് വിഹിതം തിരികെ ക്രമീകരിക്കാൻ പ്രോജക്ട് രൂപീകരിച്ചില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയിരുന്നുവെങ്കിലും (നം.02/തീ.17.01.2019) മറുപടി ലഭ്യമാക്കിയില്ല. അധികമായി ചെലവഴിച്ച തുക (₹7,260/-) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക പ്രസ്തുത വ്യാപാരിയിൽ നിന്ന് തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്. പ്രവൃത്തി ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ നിരാകരിച്ച തുക ഒഴികെയുള്ള ₹42,031/-(49291-7260) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ഉടമസ്ഥാവകാശം സ്ഥിരീകരിക്കാത്ത ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾ

| ക്രമ നം. | പ്രോജക്ട് നം/പേര് | അടങ്കൽ ₹ |
|---|---|---|
| 1 | 176/18-മെഗാലിത്തിക്ക് പാർക്കിൽ ചാരുകസേര, സൈൻ ബോർഡ് സ്ഥാപിക്കൽ | 455000 |
| 2 | 209/18-മെഗാലിത്തിക്ക് പാർക്കിന് സംരക്ഷണ കമ്പി വേലി | 495000 |

2017-18-ൽ ആവിഷ്കരിച്ച മേൽ നമ്പർ പ്രോജക്ടുകളിൽ ക്രമനം 1 പ്രകാരം ₹449955/- ചെലവഴിച്ച് മെഗാലിത്തിക്ക് പാർക്കിൽ വിനോദ സഞ്ചാരികൾക്കായി ചാരുകസേരകൾ സ്ഥാപിച്ചു. ക്രമനം 2 പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കെ ഈ ഭൂമിയിൽ ഗ്രാമപഞ്ചായത്തിന് യാതൊരു അവകാശവുമില്ലായെന്നും ഭൂമി തങ്ങളുടേതാണെന്നുമുള്ള അവകാശവാദങ്ങളുമായി പുരാവസ്തു വകുപ്പ് രംഗത്തു വരികയും നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുകയും ചെയ്തു. ഭൂമി പഞ്ചായത്തിന്റേതാണെന്നും അതു വിട്ടുനല്കണമെന്നും ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് പുരാവസ്തു വകുപ്പിന് കത്ത് നല്കിയെങ്കിലും മറുപടി ലഭ്യമായില്ല. പ്രാദേശിക പരിശോധനാവേളയിൽ പ്രസ്തുത സ്ഥലത്ത് ഭൂരേഖാവകുപ്പ് തറ നിർമിച്ച് ചെമ്പ് പാളിയിൽ വകുപ്പിന്റ

വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് അടയാളം പതിച്ചിരിക്കുന്നത് കാണുകയുണ്ടായി. ഇത്തരത്തിൽ വിവിധ വകുപ്പുകളാണ് പ്രസ്തുത സ്ഥലത്തിന്മേൽ ഉടമസ്ഥാവകാശവാദം ഉന്നയിച്ചിട്ടുള്ളത്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്ഥിരീകരിക്കാത്ത സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഈ ഭൂമിയിൽ നടത്തുന്ന വികസനപ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ ടൂറിസം വികസനത്തിനും സാമ്പത്തികപുരോഗതിക്കും മുതൽക്കൂട്ടാണെങ്കിലും ഉടമസ്ഥാവകാശം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ ഇതുവരെ നടത്തിയ നിർമ്മാണപ്രവർത്തനങ്ങൾക്ക് നിയമസാധുതയില്ല. ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിച്ച് കിട്ടുന്നതിനും സൃഷ്ടിക്കപ്പെട്ട ആസ്തി അന്യാധീനപ്പെട്ടുപോകാതിരിക്കുവാനും തദ്വാരാ ടൂറിസം വികസനം സാധ്യമാക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 അലമാരകൾ വാങ്ങൽ - വിതരണം ചെയ്തത് ടെൻഡർ പത്രികയിൽ പരാമർശിച്ചിരുന്നതിൽനിന്ന് വിഭിന്നമായ ഗേജിലുള്ള അലമാരകൾ

| | |
|---|---|
| പ്രോജക്ട് നം. | 147/2018, 156/2018 |
| പ്രോജക്ടിന്റെ പേര് | എം.ജി.എൽ.സി. സ്കൂളുകൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ |
| | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ചെലവ്, പശ്ചാത്തല സൌകര്യം |

മേൽ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഒലീവിയ ഹോം വേൾഡ് ഇരുമ്പ് പാലം എന്ന സ്ഥാപനത്തിൽ നിന്നും 13 അലമാരകൾ (18 ഗേജിന്റെ (മീഡിയം) ₹13,000/- നിരക്കിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. മറയൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ഊർജ്ജതന്ത്ര വിഭാഗം അധ്യാപികയുടെ സഹായത്തോടെ നടത്തിയ ഭൌതിക പരിശോധനയിൽ, പ്രസ്തുത അലമാരകൾ ടെണ്ടറിൽ പറഞ്ഞിരിക്കുന്ന ഗേജിലുള്ളതല്ലായെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. വിതരണം ചെയ്യപ്പെട്ട അലമാരയുടെ തകിടിന്റെ യഥാർത്ഥ ഘനം 0.61mm മാത്രമാണ്. പ്രസ്തുത വിവരം അധ്യാപിക സ്ഥലപരിശോധനാ റിപ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. 0.61mm ഘനമുള്ള സ്റ്റീൽ തകിടിന്റെ ഗേജ് 24 എന്നാണ് ശാസ്ത്രീയമായി നിർണയിക്കപ്പെട്ടിട്ടുള്ളത്. 24 ഗേജ് അലമാരകൾ 18 ഗേജ് ആണെന്ന വ്യാജേന വിതരണം ചെയ്ത വിതരണക്കാരനെതിരെ കരാർ ലംഘനത്തിന് കർശന നടപടികൾ സ്വീകരിക്കേണ്ടതും ടെണ്ടറിൽ പരാമർശിച്ച ഗുണനിലവാരത്തിലുള്ള അലമാരകൾ ലഭ്യമാക്കി വിതരണം ചെയ്യേണ്ടതുമാണ്.

## 3-5 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | എസ്.14/18, തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | ₹5,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |

| | |
|---|---|
| ബിൽ നം./തുക | 52/തീ.21.02.18, തുക – ₹4,90,350/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ എസ്റ്റിമേറ്റ് പ്രകാരം ₹4,90,350/- കെ.എസ്.ഇ.ബി. മറയൂർ സെക്ഷനിൽ നിക്ഷേപിച്ചു. 4200 മീറ്റർ ലൈൻ വലിക്കുന്നതിനാണ് തുക നല്കിയത്. എന്നാൽ ഗ്രാമപഞ്ചായത്ത് അധികൃതരും കെ.എസ്.ഇ.ബി.യും സംയുക്തമായി നടത്തിയ പരിശോധനയിൽ 2800 മീറ്റർ മാത്രമാണ് ലൈൻ ദീർഘിപ്പിക്കൽ നടത്തിയതെന്ന് ബോധ്യപ്പെട്ടതായി രേഖകൾ വെളിവാക്കുന്നു. ഈ സാഹചര്യത്തിൽ ലൈൻ ദീർഘിപ്പിക്കൽ പൂർണമാക്കുന്നതിനോ അല്ലാത്തപക്ഷം ബാക്കി തുക തിരികെ വാങ്ങുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോജക്ട് യഥാവിധി പൂർത്തീകരിക്കാത്തതിനാൽ ചെലവു തുക ₹4,90,350/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 തെരുവ് വിളക്കുകളുടെ പരിപാലനത്തിലെ അപാകതകൾ

തെരുവ് വിളക്കുകളുടെ പരിപാലനത്തിന് സർക്കാർ വ്യക്തമായ അനേകം മാർഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും നിയതമായ ഒരു രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ വിപുലമായ ഒരു ശൃംഖല ഗ്രാമപഞ്ചായത്ത് പ്രദേശത്തുണ്ടെങ്കിലും അവയുടെ കൃത്യമായ കണക്കുകൾ ഇനിയും ക്രോഡീകരിച്ചിട്ടില്ല എന്ന വസ്തുത പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ഇനം തിരിച്ചുള്ള കണക്കുകൾ ഉൾപ്പെടുത്തി പ്രത്യേക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിക്കാത്തതിനാൽ അവയുടെ യഥാർത്ഥ ചിത്രം അവ്യക്തമാണ്. ഓരോ വർഷവും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗണ്യമായ തുക ചെലവഴിച്ച് തെരുവ് വിളക്കുകൾ വാങ്ങുന്നുവെങ്കിലും അവ യഥാവിധി ഘടിപ്പിക്കപ്പെടുന്നുണ്ടോയെന്നും വാറന്റി കാലയളവിനുള്ളിൽ തകരാറ് സംഭവിക്കുന്നപക്ഷം അവ മാറ്റി വാങ്ങാതെ വീണ്ടും പുതിയത് ഘടിപ്പിക്കുകയോ/ അറ്റകുറ്റപ്പണികൾ നടത്തുന്നുവോയെന്നും നിരീക്ഷിക്കുവാൻ സംവിധാനമില്ല. കൂടാതെ യഥാർത്ഥ ഉപഭോഗത്തിനനുസൃതമായാണോ കെ.എസ്.ഇ.ബി. വൈദ്യുതി ചാർജ്ജ് ഡിമാന്റ് ചെയ്യുന്നതെന്നും ഉറപ്പാക്കാനാവാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ദിവസക്കൂലി അടിസ്ഥാനത്തിൽ ഒരു വ്യക്തിയെ നിയമിച്ചിട്ടുണ്ട്. ടിയാന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് പ്രസക്ത വിവരങ്ങൾ ചേർക്കുവാൻ രജിസ്റ്റർ ആരംഭിച്ചുവെങ്കിലും 2018 ആഗസ്റ്റ് മാസത്തിലെ അഞ്ച് ദിവസങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ ഓരോ മാസവും ₹70,000/- യിലധികമാണ് ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നത്. റവന്യൂ ചെലവുകളിലെ ഗണ്യമായ തുക കാര്യക്ഷമമായ വിനിയോഗത്തിനാണെന്ന് ഉറപ്പ് വരുത്താനാവശ്യമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-7 ഗ്രാമപഞ്ചായത്ത് വക ആംബുലൻസ് ജീർണാവസ്ഥയിൽ

ഗ്രാമപഞ്ചായത്ത് വക ആംബുലൻസ് (മാരുതി ഓമ്നി വാൻ നം. KL6D1944) അപകടത്തിൽപ്പെട്ടതിനാൽ മൂന്നാറിലെ പ്ലാന്തോട്ടം ഓട്ടോമൊബൈൽസ് എന്ന വർക്ക് ഷോപ്പിൽ അറ്റകുറ്റപ്പണികൾക്കായി ഏൽപ്പിച്ചിരുന്നു. എന്നാൽ തകരാറുകൾ പരിഹരിക്കുന്നതിന് ഭീമമായ തുക വേണ്ടി വരുമെന്ന കാരണത്താൽ പ്രവൃത്തി യഥാസമയം നടത്തിയില്ല. ദീർഘനാൾ സൂക്ഷിച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കാൻ പഞ്ചായത്തധികൃതർ താത്പര്യം പ്രകടിപ്പിക്കാതിരുന്നതിനാൽ വാഹനം നീക്കം ചെയ്യണമെന്ന് വർക്ക്ഷോപ്പുടമ ആവശ്യപ്പെട്ടു. തുടർന്ന് അത് തിരികെ മറയൂർ സി.എച്ച്.സി. കെട്ടിടത്തിലേക്ക് റിക്കവറി വാൻ മുഖേന മാറ്റുകയും അതിന് ₹5,500/- (ചെക്ക് നം.1001/തീ.08.12.2017) ചെലവഴിക്കുകയും ചെയ്തു. യാതൊരു സുരക്ഷയും കൂടാതെ സി.എച്ച്.സി. പരിസരത്ത് ഉപേക്ഷിച്ച ആംബുലൻസ് തുരുമ്പെടുത്ത് നശിച്ച നിലയിൽ പ്രാദേശിക പരിശോധനയിൽ കാണുകയുണ്ടായി. പ്രസ്തുത വിഷയം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മൂല്യനിർണയത്തിന് പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ വിഭാഗത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയത്. പഞ്ചായത്തിന്റെ ആസ്തി ഇപ്രകാരം നശിക്കുന്നത് ഒട്ടും തന്നെ അംഗീകരിക്കാവുന്ന വസ്തുതയല്ല. വാഹനം സുരക്ഷിതമായി സൂക്ഷിക്കുവാനും മൂല്യനിർണയ സാക്ഷ്യപത്രം ലഭ്യമാക്കി അത് ലേലം ചെയ്യുവാനുമുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-8 <u>വാഹന വാടക - സർക്കാർ പരിധി അതിലംഘിച്ചു</u>

ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിര ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള പ്രതിവർഷ ചെലവു പരിധി, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2012-ലെ ജി.ഒ.(ആർടി)2493/2012 നമ്പർ ഉത്തരവ് പ്രകാരം ₹75,000/-യാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം പ്രസ്തുത പരിധി പാലിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല. വാഹനവാടകയായി തൻവർഷം ചെലവഴിച്ചത് ₹1,41,754/-യാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 10 പട്ടികവർഗ്ഗ കുടികളുണ്ട്. പത്ത് മുതൽ ഇരുപത് വരെ കിലോമീറ്റർ അകലെയുള്ള വനമേഖലകളിൽ സ്ഥിതി ചെയ്യുന്ന ടി ഊരുകളിലേക്ക് ഏറെ പരിമിതമായ ഗതാഗത സൗകര്യമാണുള്ളത്. ജീപ്പുകൾക്ക് മാത്രമാണ് ദുർഘടവും ചെങ്കുത്തും വീതികുറഞ്ഞതുമായ കാനനപാതയിലൂടെ സഞ്ചരിക്കാൻ വനം വകുപ്പിന്റെ അനുവാദമുള്ളത്. ഗ്രാമപഞ്ചായത്ത് വക ബൊലേറോ മോഡൽ ജീപ്പിന് ഫോർ വീൽ എഞ്ചിൻശേഷി ഇല്ലാത്തതിനാൽ ഇവിടേയ്ക്കുള്ള യാത്രകൾക്ക് ഉപയോഗിക്കാൻ കഴിയില്ല. ദൈനംദിന പ്രവർത്തനങ്ങളുടെയും വാർഷിക പദ്ധതി പ്രവർത്തനങ്ങളുടെയും ഭാഗമായി ജനപ്രതിനിധികൾക്കും ജീവനക്കാർക്കും പ്രസ്തുത ഊരുകൾ അടിക്കടി സന്ദർശിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ വാഹനം വാടകയ്ക്ക് എടുക്കുകയല്ലാതെ മറ്റ് നിവൃത്തിയില്ലാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്നും ആയതിനാലാണ് സർക്കാർ പരിധി ലംഘിച്ചതെന്നും അധികൃതർ വിശദീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സവിശേഷമായ ഭൗതിക സാഹചര്യം വിലയിരുത്തിയാൽ ടി വാദഗതി പരിഗണനാർഹമെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പരിധി ലംഘിക്കുന്ന നടപടി അഭികാമ്യമല്ല. ആകയാൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിധി വർദ്ധനവിന് അനുവാദം തേടാവുന്നതാണ്. ഭരണസമിതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-9 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗുരുതരമായ കാലവിളംബം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്കു കൈമാറുന്നതിലും അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർന്നടപടികൾ സ്വീകരിച്ച് അത് തീർപ്പ് കല്പിക്കുന്നതിലും ഗുരുതരമായ കാലവിളംബം ഉണ്ടായിട്ടുണ്ട്. ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷന്റെ പേര് | അപേക്ഷ തീർപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 45 ദിവസം |
| 2 | വിധവാ പെൻഷൻ | 45 ദിവസം |
| 3 | അൻപതു വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 45ദിവസം |
| 4 | കർഷകത്തൊഴിലാളി പെൻഷൻ | 45ദിവസം |
| 5 | വികലാംഗ പെൻഷൻ | 60ദിവസം |

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ട് മാസം വരെയായിരിക്കെ മാസങ്ങൾക്ക് മുൻപ് സമർപ്പിക്കപ്പെട്ട അപേക്ഷകൾ പോലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറാതെ പഞ്ചായത്തിൽ സൂക്ഷിക്കുന്നതായി കണ്ടു. പെൻഷൻ അപേക്ഷകളുടെ തീർപ്പ് നടപടികൾ നിരീക്ഷിക്കുന്നതിന് അപേക്ഷ ലഭിച്ച തീയതി, അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയ തീയതി, ഉദ്യോഗസ്ഥനിൽ നിന്ന് റിപ്പോർട്ട് ലഭിച്ച തീയതി, ഗ്രാമസഭാ തീരുമാനം, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം, ഭരണസമിതി തീരുമാനം തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടത് അനിവാര്യമാണെങ്കിലും അത് തയ്യാറാക്കിയിട്ടില്ല.

സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികപരവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കുകയെന്ന ഉദാത്ത കടമ നിറവേറ്റുന്നതിൽ സംഭവിച്ച ഗുരുതരമായ വീഴ്ച ഒട്ടുംതന്നെ അംഗീകരിക്കാവുന്ന വസ്തുതയല്ല. തന്റെ അപേക്ഷയിലുള്ള തീർപ്പ് അനന്തമായി നീളുന്ന സാഹചര്യം ഏറ്റവും സാധാരണക്കാരനായ ഒരു

പൗരന്റെ സ്വാഭാവിക നീതിയുടെ നിഷേധമായി മാത്രമേ പരിഗണിക്കാൻ കഴിയൂ. നൂറ് കണക്കിന് അപേക്ഷകർക്ക് അവരുടെ ജീവിത സായന്തനങ്ങളിൽ ലഭിക്കേണ്ടതായ ആനുകൂല്യം കരസ്ഥമാക്കാനുള്ള കാത്തിരിപ്പ് അനന്തമായി നീളുന്ന സ്ഥിതി വിശേഷം ജനങ്ങളുടെ ക്ഷേമം മുൻനിർത്തി പ്രവൃത്തിക്കേണ്ട ഗ്രാമപഞ്ചായത്തിന് ഒട്ടുംതന്നെ ഭൂഷണമല്ലാത്തതിനാൽ അടിയന്തിരമായി ഈ വിഷയത്തിൽ ഇടപെടേണ്ടതും ഉചിതമായ പരിഹാര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## **3-10** ജവഹർ ഭവനപദ്ധതി - പ്രാരംഭ ഗഡുക്കൾ കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും ഗൃഹ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ജവഹർ ഭവന പദ്ധതി പ്രകാരം 2016-17 മുതൽ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കളിൽ പലരും രണ്ടുവർഷം കഴിഞ്ഞിട്ടും ഗൃഹനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | ഒന്നാം ഗഡു | | രണ്ടാം ഗഡു | | മൂന്നാം ഗഡു | | നാലാം ഗഡു | | ആകെ ₹ |
|---|---|---|---|---|---|---|---|---|---|
| | ചെക്ക് നം/ തീയതി | തുക ₹ | ചെക്ക് നം./ തീയതി | തുക ₹ | ചെക്ക് നം./ തീയതി | തുക ₹ | ചെക്ക് നം./ തീയതി | തുക ₹ | |
| ഭഗവതി രാമസ്വാമി | 011043/ 28.04.16 | 20000 | | | | | | | 20000 |
| ശ്രീകല മുരുകൻ | 962476/ 29.03.16 | 20000 | 011484/ 26.08.16 | 60000 | 011488/ 14.11.16 | 60000 | 011983/ 03.03.17 | 40000 | 180000 |
| തവമണി ജഗദീശൻ | 011045/ 13.05.16 | 20000 | 011483/ 22.07.16 | 60000 | 646188/ 22.12.17 | 60000 | 646188/ 22.12.17 | 40000 | 180000 |
| ശ്രീകല അമൽ രാജ് | 011041/ 13.04.16 | 20000 | 011041/ 9.06.16 | 60000 | 011050/ 29.06.16 | 60000 | 011485/ 5.09.16 | 40000 | 180000 |
| ധനശീലൻ | 011043/ 28.04.16 | 20000 | 011050/ 29.06.16 | 60000 | | | | | 80000 |
| തമിഴ് ശെൽവി | 011041/ 13.04.16 | 20000 | 011490/ 20.12.16 | 60000 | | | | | 80000 |
| ജമീല ബീവി | 011042/ 21.04.16 | 20000 | 011488/ 14.11.16 | 60000 | 011981/ 26.12.16 | 60000 | 011989/ 13.07.17 | 40000 | 180000 |
| ഭാഗ്യ ലക്ഷ്മി ഗണേശൻ | 011050/ 29.06.16 | 20000 | | | | | | | 20000 |
| ശെങ്കുമാർ | 011045/ 13.05.16 | 20000 | 011985 | 31.03.17 | 60000 | | | | 80000 |
| കനക രാജ് | 011047/ 10.06.16 | 20000 | | | | | | | 20000 |
| ഡി.കെ. മണി | 011050/ 29.06.16 | 20000 | | | | | | | 20000 |
| ലക്ഷ്മി ബാല മുരുകൻ | 011481/ 15.07.16 | 20000 | 011485/ 05.09.16 | 60000 | 011981/ 26.12.16 | 100000 | | | 180000 |
| ബാബു മേരി ജോസഫ് | 011481/ 15.07.16 | 20000 | 011484/ 26.08.16 | 60000 | 011487/ 06.10.16 | 60000 | 011490/ 20.12.16 | 40000 | 180000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| അംജിത് | 011484/ 26.08.16 | 20000 | | | | | | | 20000 |
| പഴനി കമാർ | 011487/ 06.10.16 | 20000 | | | | | | | 20000 |
| ആശ രാജീവ് | 011983/ 03.03.17 | 20000 | 011985/ 31.03.17 | 60000 | 011989/ 13.07.17 | 60000 | 646184/ 26.09.17 | 40000 | 180000 |
| അഗസ്റ്റിൻ നെഹ്രു | 646184/ 26.09.17 | 20000 | | | | | | | 20000 |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടലുകൾ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-11 തൊഴിലുറപ്പ് പദ്ധതി-കണക്കു സൂക്ഷിപ്പിൽ അപാകത

മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് കണക്കുകൾ പരിശോധിച്ചതിൽ അഡ്മിനിസ്റ്റേറ്റീവ് വരവ്-ചെലവുകൾ മാത്രമാണ് എഴുതി സൂക്ഷിക്കുന്നത് എന്നു കാണുകയുണ്ടായി. ഈ കണക്കുകളും തൊഴിലുറപ്പ് പദ്ധതിയുടെ വെബ് സൈറ്റിൽ ലഭ്യമായ വരവ്-ചെലവ് കണക്കുകളുമായി താഴെ വിശദീകരിച്ചിട്ടുള്ള വ്യത്യാസം കാണുന്നു.

| | ക്യാഷ് ബുക്ക് പ്രകാരം സംഖ്യ | സർക്കാർ വെബ് സൈറ്റ് പ്രകാരം സംഖ്യ |
|---|---|---|
| മുന്നിരുപ്പ് | 327291.00 | 428000.00 |
| വരവ് | 896607.00 | 788086.00 |
| ആകെ | 1223898.00 | 1216086.00 |
| ചെലവ് | 1221986.25 | 806086.00 |
| നീക്കിയിരുപ്പ് | 1911.75 | 410000.00 |

തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭ്യമല്ലാത്ത അവസരങ്ങളിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുകയും പിന്നീട് ക്രമീകരിക്കുകയും ചെയ്യുന്നതായ തുകകൾ വെബ് സൈറ്റിൽ ബുക്ക് ചെയ്യപ്പെടുന്നില്ല എന്നതാണ് സാരമായ ഈ വ്യത്യാസത്തിന് കാരണം എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. വരവ് ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് | 2017-18 | 100000 | ക്ഷീര | 0 | 100000 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | കർഷകർക്ക് പാലിന് സബ്സിഡി | | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | - | 490350 | 490350 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ജവഹർ ഭവന പദ്ധതി വായ്പയിനത്തിൽ ₹26,60,000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ലഭ്യമല്ല | 19225000 | 418440 | 200000 | - | 2184400 |
| ജവഹർ ഭവന പദ്ധതി | ലഭ്യമല്ല | 15000000 | 5316000 (+ തൻവർഷ വരവ് ₹2660000) | 1429755 | 138945 | 6546245 (31.03.2018-ൽ അക്രൂ ചെയ്ത പലിശയുൾപ്പടെ പാസുബുക്ക് പ്രകാരമുള്ള ആകെ ബാധ്യത ₹74,79,411/-) |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ട് ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2006-07<br>2.5 | 2009-10 | 2-6 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നഷ്ടം ₹58,260/- | തുടരുന്നു |
| 2 | 2014-15<br>2.3 | 2016-17 | അനുബന്ധം- 3 | വസ്തുനികുതി അപാകതകൾ | തുടരുന്നു |

## 4-8 ചാർജ് / സർച്ചാർജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടികളുടെ വിവരം**

ഇല്ല

**(ബി) സർച്ചാർജ് നടപടികളുടെ വിവരം**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | സർട്ടിഫിക്കറ്റ് നം. | | സ്വയം അടവാക്കിയ തുക, രസീത് നം. തീയതി | റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയ തുക ₹ | കോടതി വ്യവഹാരങ്ങൾ ₹ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2005-06 | 3-4 (part) | ജോയി തോമസ് അസ്സി. എഞ്ചിനീയർ. | LF/2112/ Spl.cell/ SC2/09 of 16-04-11 | 1189 | 2378/- Rt.No. 11305100701/ 31-10-13 | | | | | 0 | |
| 2 | 2005-2006 | 3-4 (part) | കെ. മോഹൻ ബാബു എക്സിക്യൂട്ടീവ് എഞ്ചിനീയർ | LF/2112/ Spl.cell/ SC2/09 of 16-04-11 | 1189 | | | | | | 1189 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 3 | 2009-10 | - 3-11 | എസ് രാജേന്ദ്രൻ അസി. എക്സികൂട്ടീവ് എഞ്ചിനിയർ | LF/8728/ Spl.cell/ CSC/C1/ 14(2) of 05-09-16 | 13914 | | | | | | 13914 | |
| 4 | 2009-10 | 3-6 & 3-7 (part) | എസ്. കെ. ശ്രീനിവാസൻ നായർ സെക്രട്ടറി | LF/8728/ Spl.cell/ CSC/C1/ 14(1) of 05-09-16 | 45192 | | | | | | 45192 | |
| 5 | 2011-12 | 3-1 | സി. ശശീന്ദ്രൻ സെക്രട്ടറി | KSA/7771/ Spl.cell/ CSC/C1/ 2015 | 131044 | | | | | | 131044 | |
| 6 | | 3-2 | യേശുദാസ് എക്സ്. | KSA/7771/ Spl.cell/ CSC/C1/ 2015 | 30680 | | | | | | 30680 | |
| 7 | 2012-13 | 3-1<br>3-2<br>3-8 | പി. എ. അനീബാക്കുട്ടി, സെക്രട്ടറി | KSA/ IDK/14/ 1296/15/ 30-11-15 | 472509<br>123386<br>5517 | | | | | | 472509<br>123386<br>5517 | |
| 8 | 2016-17 | 3-14 | പി. വിജയകുമാർ, സെക്രട്ടറി | KSA/ 3166/ Spl.Cell/ CSC- C1/17/ 16-04-18 സർചാർജ് നോട്ടീസ് ആയിട്ടുള്ളു. സർട്ടിഫിക്കറ്റ് ആയിട്ടില്ലാത്തതിനാൽ ഒഴിവാക്കാവുന്നതാണ്. | 89232 | | | | | | 89232 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 93459984.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93638716.00 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7260.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 532381.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | - | 7260 | ശ്രീ. പി. വിജയകുമാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 42031 | ശ്രീ. പി. വിജയകുമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 3-5 | 490350 | ശ്രീ. പി. വിജയകുമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി. വിജയകുമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി | സെക്രട്ടറി<br>മറയൂർ ഗ്രാമപഞ്ചായത്ത് | എം. പി. എൻ. ഹൗസ് ഇടിച്ചക്കപ്ലാമൂട്, പാറശ്ശാല തിരുവനന്തപുരം – 695502 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|

| | | | |
|---|---|---|---|
| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | | |
| 1968-69 | എൽ.എഫ്.ഐ. 7-12/98 തീ.20.10.1997 | | |
| 1970-71 | എൽ.എഫ്.ഐ. 7-12/98 തീ.20.10.1997 | | |
| 1971-72 | എൽ.എഫ്.ഐ. 7-12/98 തീ. 20.10.1997 | | |
| 1973-74 | എൽ.എഫ്.ഐ. 7-12/98 തീ. 20.10.1997 | | |
| 1975-76 | എൽ.എഫ്.ഐ. 7-12/98 തീ.20.10.1997 | | |
| 1976-77 | എൽ.എഫ്.ഐ. 7-12/98 തീ. 20.10.1997 | | |
| 1977-78 | എൽ.എഫ്.ഐ. 7-12/98 തീ. 20.10.1997 | | |
| 1978-79 | എൽ.എഫ്.ഐ. 7-12/98 തീ. 20.10.1997 | | |
| 1980-81 | എൽ.എഫ്.ഐ. 6-236/82 തീ. 10.07.82 | | |
| 1981-82 | എൽ.എഫ്.ഐ. 6-542/82 | | |

| | | | |
|---|---|---|---|
| | തീ. 20.01.83 | | |
| 1983-84 | എൽ.എഫ്.ഐ.<br>6-275/84<br>തീ. 26.9.86 | | |
| 1985-86 | എൽ.എഫ്.ഐ.<br>6-1/91<br>തീ. 15.01.91 | | |
| 1986-87 | എൽ.എഫ്.ഐ.<br>6-1152/90<br>തീ. 08.03.91 | | |
| 1987-88 | എൽ.എഫ്.ഐ.<br>6-236/92<br>തീ. 17.06.93 | | |
| 1988-89 | എൽ.എഫ്.ഐ.<br>6-760/92<br>തീ. 17.06.93 | | |
| 1989-90 | എൽ.എഫ്.ഐ.<br>6-760/92<br>തീ. 17.06.93 | | |
| 1990-91 | എൽ.എഫ്.ഐ.<br>6-67/94<br>തീ. 30.03.94 | | |
| 1991-92 | എൽ.എഫ്.ഐ.<br>6-67/94<br>തീ. 30.03.94 | | |
| 1992-93 | എൽ.എഫ്.ഐ.<br>6-94/95<br>തീ. 20.03.95 | | |
| 1993-94 | എൽ.എഫ്.ഐ.<br>6-94/95<br>തീ. 20.03.95 | | |

| | | | |
|---|---|---|---|
| 1994-95& 1995-96 | എൽ.എഫ്.ഐ. 7-660/97 തീ. 24.02.98 | 26 | 3 മുതൽ 8 വരെ, 10 മുതൽ 13 വരെ, 15 മുതൽ 30 വരെ |
| 1996-97 | എൽ.എഫ്.ഐ. 7-660/97 തീ. 24.02.98 | 19 | 5,17,31, 34, 36, 37, 38 (എ, ബി, സി), 39 മുതൽ 47 വരെ |
| 1997-98 | എൽ.എഫ്.ഐ. 9/551/99 /10.03.2000/ 30.06.2000 | 18 | 1, 3, 4, 7, 8, 11,12, 13, 17, 19 മുതൽ 27 വരെ |
| 1998-99 | എൽ.എഫ്.ഐ. 7-624/00 തീ. 05.03.01 | 18 | 21 മുതൽ 26 വരെ, 27(എ), 28 മുതൽ 38 വരെ |
| 1999-00 | എൽ.എഫ്.ഐ. 9-363/01 തീ. 30.11.01 | 4 | 9, 19-1, 20, 22 |
| 2000-01 | എൽ.എഫ്.ഐ. 9-691/02 തീ. 17.03.02 | 12 | 8, 9,23, 24, 27 മുതൽ 34 വരെ |
| 2001-02 | എൽ.എഫ്.ഐ. 9-627/03 തീ. 30.01.04 | 7 | 2-1 മുതൽ 2-6 വരെ 3-19 |
| 2002-03 | എൽ.എഫ്.ഐ. 9-2/05 തീ. 01.03.05 | 12 | 2-1, 3-1 മുതൽ 3-9 വരെ , 4-8, 4-9 |
| 2003-04 | എൽ.എഫ്.ഐ. 9-912/09 തീ. 26.10.09 | 13 | 2-1 മുതൽ 2-5 വരെ 3-1 മുതൽ 3-7 വരെ, 4-3 |
| 2004-05 | എൽ.എഫ്.ഐ. 14-1226/12 തീ. 05.11.12 | 7 | 2-1 മുതൽ 2-3 വരെ 3-1 മുതൽ 3-3 വരെ, 4-3 |
| 2005-06 | എൽ.എഫ്.ഐ. | 9 | 2-1 മുതൽ 2-4 വരെ, 3-1 |

| | | | |
|---|---|---|---|
| | 14-1220/12<br>തീ. 08.12.12 | | മുതൽ 3-4 വരെ, 4-3 |
| 2006-07 | എൽ.എഫ്.ഐ.<br>14-357/11<br>തീ. 01.11.11 | 10 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-5 വരെ |
| 2007-08 | എൽ.എഫ്.ഐ.<br>9-330/10<br>തീ. 15.07.11 | 22 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-18 വരെ |
| 2008-09 | എൽ.എഫ്.ഐ.<br>14-979/11<br>തീ. 12.12.11 | 15 | 2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-8 വരെ |
| 2009-10 | എൽ.എഫ്.ഐ.<br>14-720/12<br>തീ. 12.04.13 | 11 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-4 വരെ,<br>3-6 മുതൽ 3-15 വരെ |
| 2010-11 | എൽ.എഫ്.ഐ.<br>14-721/12<br>തീ. 05.02.13 | 11 | 2-1, 2-2 3-1 മുതൽ<br>3-9 വരെ |
| 2011-12 | എൽ.എഫ്.ഐ.<br>14-1498/13<br>തീ.11.07.14 | 14 | 2-1, 2-2 3-1 മുതൽ<br>3-12 വരെ |
| 2012-13 &<br>2013-14 | എൽ.എഫ്.ഐ.<br>14-336/13<br>തീ. 27.07.15/<br>20.06.15/09.07.15 | | 2-1 മുതൽ 2-4 വരെ 3-1<br>മുതൽ 3-12 വരെ, 3-14,<br>4-1, 4-4 |
| | | - | |
| 2014-15 | നം. കെ.എസ്.എ./<br>ഐ.ഡികെ/<br>14/1014/2016<br>തീയതി. 28.07.2016 | 12 | 2-1 മുതൽ 2-3 വരെ<br>3-1 മുതൽ 3-9 വരെ |
| 2015-16 | നം.കെ.എസ്.എ-<br>ഐ.ഡി.കെ.<br>14/1561/2016<br>തീയതി. 11.11.2016 | 12 | 2-1, 3-1 |

| | | | |
|---|---|---|---|
| 2016-17 | നം.കെ.എസ്.എ.<br>ഐ.ഡി.കെ.<br>8/1249(1)/2018<br>തീയതി. 09.02.2018 | 23 | ഭാഗം-1, 2-1, 2-2,<br>2-3, 2-4, 2-5, 3-1,<br>3-2, 3-3, 3-4(1),<br>3-4(2), 3-5 3-6<br>3-7 3-8 3-9 3-10<br>3-11 3-12 3-13,<br>3-4, 3-15, 4-9 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-8/93/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി : 28.02.2019
Ph : 04862-227332
*E-mail : doidk.ksad@kerala.gov.in*

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി